**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5298** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri.V. Abdurahiman** (കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഇൻഡോർ സ്റ്റേഡിയം കേന്ദ്ര സർക്കാരിന്റെ 'ഖേലോ ഇന്ത്യ' സ്കീമിൽ ഉൾപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് കായിക യുവജനകാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016-17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31.03.2021 നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽ നിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ പദ്ധതിരേഖ തയ്യാറാക്കി സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴി ഉദുമ ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടെ 10 പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഖേലോ ഇന്ത്യ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഫീസിബിലിറ്റി റിപ്പോർട്ട് കായിക യുവജനകാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉദുമ സ്റ്റേഡിയം ഉൾപ്പെടെ 3 പദ്ധതികൾ മുൻഗണനാക്രമം നിശ്ചയിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2016- |

| | | | |
|---|---|---|---|
| | | | 17 കാലയളവിൽ പ്രഖ്യാപിച്ച ഖേലോ ഇന്ത്യാ സ്കീം 31.03.2021 നോടകം അവസാനിച്ചു. പിന്നീട് 2021-22 കാലയളവിൽ പരമാവധി മൂന്ന് പദ്ധതികൾ മാത്രമേ ഖേലോ ഇന്ത്യാ സ്കീമിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ എന്ന വിവരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ ഏറ്റെടുക്കേണ്ട വിവിധ പദ്ധതികളിൽ നിന്ന് അനുയോജ്യമായ പദ്ധതികൾ മുൻഗണനാക്രമം അനുസരിച്ച് തീരുമാനിക്കുന്നതിനും അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ